# വൈഖരി

## അനങ്ങനടി ഹയർ സെക്കന്ററി സ്കൂളിന്റെ പത്രം

## സെപ്റ്റംബർ 2019

***പത്രാധിപസമിതി അംഗങ്ങൾ***

**എഡിറ്റർ**

***ഗോകുൽ പി***

**ക്യാമറാ മാൻ**

ആദർശ് ടി പി

നിരഞ്ജൻ എംജെ

**റിപ്പോർട്ടർമാർ**

ഹരിനന്ദൻ കെ പി

പ്രണവ് പി ആർ

ആനന്ദ് കുമാർ

അർച്ചന വി

ഷാന എ കെ

***ചിന്താ വിഷയം***

*"ന നിശ്ചിതാർത്ഥാത് വിരമന്തി ധീരാ"*

*ധീരന്മാരായവർ, ഏതുതരം തടസ്സങ്ങളുണ്ടായാലും നിശ്ചയിച്ചുറപ്പിച്ച കാര്യത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കില്ല*

# വെബ്പേജ് പ്രകാശനവും പത്രപ്രകാശനവും



വെബ് സൈറ്റ്



പ്രകാശനച്ചടങ്ങ്

ആഗസ്റ്റ് 1 രാവിലെ 10 മണിക്ക് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് സ്കൂൾവെബ്പേജിന്റെ പ്രകാശനവും സ്കൂൾപത്രം വൈഖരിയുടെ പ്രകാശനവും നടന്നു. സബ്ജില്ലാ ഐടി കോർഡിനേറ്റർ കബീർ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൾ ജയകുമാർ സാർ സ്വാഗതംപറഞ്ഞു.പിടിഎ പ്രസിഡന്റ് ഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എച്ച് എം ഗിരീഷ് മാസ്റ്ററും സ്റ്റാഫ് സെക്രട്ടറി ശ്രീധരൻ മാസ്റ്ററും ആശംസകൾ അർപ്പിച്ചു.ലിറ്റിൽകൈറ്റ്സ് അദ്ധ്യാപിക രജനി ടീച്ചർ നന്ദി പറഞ്ഞു.

**വെബ് സൈറ്റ്:hssnanganadi.home.blog**

## പ്രളയബാധിതർക്ക് കൈത്താങ്ങായി എൻ.സി.സി കേഡറ്റുകൾ



വില്ലേജ് ഓഫീസർക്ക് കൈമാറുന്ന




അപ്രതീക്ഷിതമായുണ്ടായ പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിലകപ്പെട്ട ഹതഭാഗ്യർക്ക് ആശ്വാസവുമായി അനങ്ങനടി ഹൈസ്കൂളിലെ എൻ.സി.സി കേഡറ്റുകളെത്തി.ആഗസ്റ്റ് 11, 12 തീയതികളിലായി അനങ്ങനടി സ്കൂളിലെ എൻ.സി.സി കേഡറ്റുകൾ ശേഖരിച്ച നാല്പതിനായിരത്തിലധികം രൂപയുടെ പലവ്യഞ്ജനങ്ങളും തുണിത്തരങ്ങളും പത്തംകുളം ക്യാമ്പിലെ ദുരിതാശ്വാസ ക്യാമ്പിലെത്തി അനങ്ങനടി വില്ലേജോഫീസർക്ക് കൈമാറി. പഞ്ചായത്ത് സ്ഥിരം സമിതി അംഗങ്ങളായ ശശി, ഇബ്രാഹിം മേനക്കം തുടങ്ങിയവർ സന്നിഹിതരായിരുന്നു. മാതൃകാപരമായ പ്രവർത്തനം നടത്തിയ കേഡറ്റുകളെ വില്ലേജോഫീസറും പഞ്ചായത്തംഗങ്ങളും അഭിനന്ദിച്ചു.

## ഗണിതശാസ്ത്രമേള നടന്നു

ആഗസ്റ്റ് 16ന് സ്കൂൾ തല ഗണിതശാസ്ത്ര മേള സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ഗണിതശാസ്ത്രമേളയിലെ എല്ലാ ഐറ്റങ്ങളിലും വിദ്യാർത്ഥികൾ പങ്കെടുത്തു. വളരെ വാശിയേറിയ മത്സരമാണ് ഉണ്ടായിരുന്നത് എന്ന് ജഡ്ജ്ജസ്സുമാരായ മാത്സ്ടീച്ചർമാർ പറഞ്ഞു.

## സംസ്കൃതദിനാഘോഷം

ആഗസ്റ്റ് 19ന് സ്കൂളിൽ സംസ്കൃത ദിനാഘോഷം നടന്നു. അന്നേ ദിവസത്തെ അസംബ്ലി സംസ്കൃതത്തിക്ലബ്ബിന്റെയായിരുന്നു. അസംബ്ലിയിൽ സംസ്കൃതസുഭാഷിതം, പദ്യം,ദേശഭക്തിഗാനം എന്നിവ അരങ്ങേറി.

## പ്രവൃത്തിപരിചയ മേള നടന്നു

ആഗസ്റ്റ് 16ന് സ്കൂൾ തല പ്രവൃത്തി പരിചയ മേള സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. എല്ലാ ഐറ്റങ്ങളിലും വിദ്യാർ ത്ഥികൾ പങ്കെടുത്തു. വളരെ വാശിയേറിയ മത്സരമാണെന്ന് ജഡ്ജസ് പറഞ്ഞു.

## സംസ്കൃതസ്കോളർഷിപ്പ്

അനങ്ങനടി ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികളായ ഗോകുൽ, ഫാത്തിമ തസ്നിൻ അപർണ്ണരാജീവ് എന്നിവർ കാലടി സംസ്കൃതകോളേജിന്റെ സംസ്കൃത സ്കോളർ ഷിപ്പിന് അർഹത നേടി

# സ്വാതന്ത്ര്യ ദിനാഘോഷം



സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നിർമ്മിച്ച ആനിമേഷന്റെ ഒരു ഭാഗം

ആഗസ്റ്റ് 15 ന് രാവിലെ 8:45ന് പ്രൻസിപ്പൽ ജയകുമാർ സാർ ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യ ദിനാഘോഷത്തിന് തുടക്കം കുറിച്ചു. തുടർന്ന് ഒൻപതാം ക്ലാസ് വിദ്യാർത്ഥികളുടെ മാസ്സ്ഡ്രില്ലും അരങ്ങേറി. തുടർന്ന് സ്വാതന്ത്ര്യദിന പൊതുയോഗം സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് ചേർന്നു . തുടർന്ന് മധുരവിതരണവും നടത്തി.സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ആനിമേഷൻ നിർമ്മാണ മത്സരം നടത്തി

**അറിയിപ്പുകൾ**

**1.ഐടി** മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 4-9-2019 നകം രജനിടീച്ചർ വശം പേര് നൽകണം മത്സരം ഓണാവധിക്ക് ശേഷം നടത്തുന്നതാണ്.

**2.ക**ലോത്സവത്തിന് പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബീനടീച്ചർ വശം പേര് നൽകണം മത്സരതീയതി പിന്നീട് അറിയിക്കും

വെബ് പേജ് ക്യൂ ആർ കോഡ്

**hssnanganadi.home.blog**

## ഫുട്ബോൾ മേള സംഘടിപ്പിച്ചു



അനങ്ങന്നടി എച്ച് എസിലെ ഗെയിംസ് അക്കാഡമിയുടെ നേതൃത്ത്വത്തിൽ ഒറ്റപ്പാലം ഉപജില്ല പ്രഥമ സ്കൂൾ സബ് ജൂനിയർഫുട്ബോൾ മേള അനങ്ങന്നടി സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടന്നു. മുൻ പ്രധാനാധ്യാപകൻ മുരളീധരൻ മാസ്റ്റർ ഉദ്ഘാടനം നിർവഹിച്ചു. വിജയികൾ GHSS മുന്നൂർക്കോട് വിന്നേഴ്സ്ആയി എച്ച് എസ് എസ് അനങ്ങനടി റണ്ണേഴ്സ്അപ്പായി

## യൂപിയും ഹൈടെക്കായി

അനങ്ങന്നടി ഹയർസെക്കന്ററി സ്കൂളിലെ യൂപിയും ഹൈടെക്കായി. നമ്മുടെ യൂപിയിലേക്ക് ലാപ്ടോപ്പുകളും പ്രോജക്ടറും ലഭിച്ചു.

## ഓണാഘോഷം

സെപ്റ്റംബർ 2ന് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ പൂക്കളമത്സരം സംഘടിപ്പിക്കുന്നു. സൗഹൃദപ്പൂക്കളവും അന്നേ ദിവസം സംഘടിപ്പിക്കും തുടർന്ന് എല്ലാ വിദ്യാർത്ഥികൾക്കും പായസവിതരണം നടത്തുമെന്നും എച്ച് എം അറിയിക്കുന്നു.

